**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **20-01-2021 - ൽ മറുപടിയ്ക്ക്**

**വലിയകുന്ന് താലൂക്ക് ആശുപത്രി വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ നടന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ നടന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. ഒ.പി. കെട്ടിടത്തിന് 3.50 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ സിവിൽ വർക്ക് നടന്നു വരുന്നു. 2. 12 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് - 4.08 ലക്ഷം രൂപ അനുവദിച്ചു. 85% നിർമ്മാണ പ്രവർത്തനം പൂർത്തിയായി. 3. ഒഫ്ത്താൽമോളജി തിയേറ്ററിന് 55 ലക്ഷം രൂപ അനുവദിച്ചു 80% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. 4. മെറ്റേർണിറ്റി ബ്ലോക്കിനായി 340 ലക്ഷം രൂപ അനുവദിച്ചു ടെൻഡർ നടപടികൾ പൂർത്തിയായി. നിർമ്മാണ സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 5.ഐ.സി.യു. ബിൽഡിംഗിനായി 75ലക്ഷം രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ ആരംഭിച്ചു. 6.ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും സായി ഗ്രാമവും ആയി ചേർന്ന് 4 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റിൽ രണ്ട് ഷിഫ്റ്റുകളിലായി 24 രോഗികൾക്ക് ഡയാലിസിസ് നൽകി വരുന്നു. 7. ബഹു. എം.എൽ.എ. ഫണ്ടിൽ നിന്നും 5,85,000/- രൂപ ചെലവിൽ ആശുപത്രി കോമ്പൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു. 8. 12ലക്ഷം രൂപ ചെലവിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നവീകരിച്ചു. 9. 15 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ എക്സറേ സ്ഥാപിച്ചു. 10. മുനിസിപ്പാലിറ്റി ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവിൽ വനിതാ കാന്റീന്റെ നിർമ്മാണം പുരോഗമിക്കുന്നു. 11. ബഹു. എം.പി.യുടെ ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയറിനു വേണ്ടി ഒരു ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ